(ബി) ഉണ്ട്. തിരുവനന്തപുരം സിറ്റിയിൽ 88 പരാതികൾ ലഭിച്ചിട്ടുണ്ട്. ഇതിൽ ഉദയകുമാർ എന്ന ആൾ ഫോർട്ട് പോലീസ് സ്റ്റേഷനിൽ വച്ച് മരണപ്പെട്ടതു സംബന്ധിച്ച് ഫോർട്ട് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസ് ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുള്ളതും അന്വേഷണം പൂർത്തിയാക്കിയിട്ടുള്ളതുമാണ്. മറ്റുള്ള പരാതികൾ അന്വേഷണത്തിൽ ആരോപിത സംഗതി തെളിയിക്കപ്പെടുന്നവയിൽ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

തിരുവനന്തപുരം റൂറൽ ജില്ലയിൽ കാട്ടാക്കട പോലീസ് സ്റ്റേഷനിൽ 417/03 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്യുകയും അന്വേഷണത്തിൽ പരാതി വ്യാജമാണെന്ന് തെളിയിക്കുകയാൽ ടി കേസിന് റഫർ ചാർജ്ജ് തയ്യാറാക്കി കോടതിക്ക് അയച്ചിട്ടുള്ളതു [illegible]കുന്നു.

എറണാകുളം റൂറൽ ജില്ലയിൽ ലഭിച്ച പരാതിയിന്മേൽ ഞാറയ്ക്കൽ പോലീസ് സ്റ്റേഷൻ ക്രൈം 408/04 കേസ് അന്വേഷണം നടത്തി സബ് ഇൻസ്പെക്ടർ ശ്രീ. സജീവിനെതിരെ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

കോഴിക്കോട് റൂറൽ ജില്ലയിൽ ലഭിച്ച ഒരു പരാതിയിന്മേൽ ഡിപ്പാർട്ട്മെന്റ് നടപടികൾ സ്വീകരിച്ച് അന്വേഷണം നടത്തിവരുന്നു.

കാസർഗോഡ് ജില്ലയിൽ ബേക്കൽ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 40/03 കേസിലെ പ്രതി സെബാസ്റ്റ്യൻ നൽകിയ പരാതി ക്രൈംബ്രാഞ്ചിന് അന്വേഷണത്തിനായി കൈമാറിയിട്ടുണ്ട്.

(സി) തിരുവനന്തപുരം സിറ്റി ഫോർട്ട് പോലീസ് സ്റ്റേഷനിൽവച്ച് ലോക്കപ്പ് മർദ്ദനത്തിന്റെ ഫലമായി ഒരാൾ മരിച്ചിട്ടുണ്ട്.

(ഡി) 14 പേർ

(ഇ) 14 കേസുകൾ

പോലീസ് കസ്റ്റഡിയിൽ വച്ചുള്ള മുന്നാംമുറ

66. [66] ശ്രീ. ബി. വിജയകുമാർ :
,, വി. ജെ. പൗലോസ്:
,, കെ. എ.ചന്ദ്രൻ:
,, എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കസ്റ്റഡി മരണങ്ങളുടെയോ മുന്നാംമുറ പ്രയോഗത്തിന്റെയോ പേരിൽ സംസ്ഥാനത്ത് എത്ര എസ്. പി., ഡി. വൈ. എസ്. പി. എന്നിവരുടെ മേൽ നടപടി എടുത്തിട്ടുണ്ട്;

(ബി) പോലീസ് കസ്റ്റഡിയിൽ വച്ചുള്ള മുന്നാംമുറ പ്രയോഗങ്ങൾ ഇല്ലാതാക്കുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) പോലീസ് കസ്റ്റഡിയിൽ മൂന്നാംമുറ പ്രയോഗം ഉണ്ടാവുകയാണെങ്കിൽ ബന്ധപ്പെട്ട സർക്കിൾ ഇൻസ്പെക്ടർ, ഡി. വൈ. എസ്. പി. എന്നിവർക്ക് അതിന്റെ ഉത്തരവാദിത്വം നൽകുവാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) മൂന്നാംമുറ പ്രയോഗത്തിന്റെ പേരിൽ സംസ്ഥാനത്ത് എസ്. പി. മാരുടെയോ, ഡി. വൈ. എസ്. പി. മാരുടെയോ മേൽ നടപടി എടുത്തിട്ടില്ല.

(ബി) പോലീസ് കസ്റ്റഡിയിൽവച്ചുള്ള മൂന്നാംമുറ പ്രയോഗങ്ങൾ ഇല്ലാതാക്കുന്നതിനായി ഒരു സർക്കുലർ പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ നിന്നും പുറപ്പെടുവിച്ചിട്ടുണ്ട്. (സർക്കുലർ നമ്പർ 24/05 തീയതി 24-10-2005). ഇതനുസരിച്ച് പോലീസ് കസ്റ്റഡിയിൽ വച്ച് നടക്കുന്ന മൂന്നാംമുറ പ്രയോഗത്തിന്റെ ഉത്തരവാദിത്വം അതാത് പോലീസ് സ്റ്റേഷനിലെ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കായിരിക്കും. കൂടാതെ അറസ്റ്റ് സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീം കോടതി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ പോലീസ് യൂണിറ്റ് ഓഫീസേഴ്സിനും അയച്ചുകൊടുത്തിട്ടുണ്ട്. ഇത് പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഉന്നത പോലീസ് ഉദ്യോഗസ്ഥർ യൂണിറ്റുകളിൽ പരിശോധന നടത്തുന്നുണ്ട്.

(സി) 24-10-2005-ലെ പോലീസ് ഹെഡ്ക്വാർട്ടേഴ്സ് സർക്കുലർ നമ്പർ 24/05 പ്രകാരം കസ്റ്റഡിയിൽ വച്ചുണ്ടാകുന്ന മൂന്നാംമുറയുടെ ഉത്തരവാദിത്വം അതാത് എസ്. എച്ച്. ഒ.-യ്ക്കാണ്.

ലോക്കപ്പ് കൊലപാതകങ്ങളും മർദ്ദനങ്ങളും

67. [67] ശ്രീ. ടി. എം. ജേക്കബ് :

,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ലോക്കപ്പ് കൊലപാതകങ്ങളും ലോക്കപ്പ് മർദ്ദനങ്ങളും ഉണ്ടായിട്ടുണ്ട്;

(ബി) കൊലചെയ്യപ്പെട്ടവരുടെയും മർദ്ദനം ഏറ്റവരുടെയും പേരും ഏത് പോലീസ് സ്റ്റേഷനിലാണ് സംഭവം നടന്നത് എന്നും വെളിപ്പെടുത്തുമോ;

(സി) ഈ സംഭവങ്ങളുമായി ബന്ധപ്പെട്ട് ഇതുവരെ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ഡി) പ്രതികളായ പോലീസുകാരെ സഹായിക്കാൻ ഉയർന്ന ഉദ്യോഗസ്ഥർ കൂട്ടുനിൽക്കുന്നതായി ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടോ; ഇത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly